Gk/02

# സാധാരണക്കാരന്റെ "മണൽക്കലവറ"

കേരളത്തിലെ ഏറ്റവും വലിയ മാഫിയകളാവുകയാണ് ഭൂമാഫിയയും മണൽ മാഫിയയും. നമ്മുടെ നാട്ടിലെ നദികളിൽ നിന്നും അനധികൃതമായി അനിയന്ത്രിതമായി മണൽ ഊറ്റി നദികളെ കൊല്ലാക്കൊല ചെയ്യുകയാണ് മണലൂറ്റുകാർ. മണലിനു പൊള്ളുന്ന വിലയും ഈടാക്കി വരുന്നു. ഒരു ലോഡ് മണലിന് കൊള്ള നിരക്ക് ഇവർ ഈടാക്കുമ്പോൾ സാധാരണക്കാരൻ ഒരു വീടു വെക്കാൻ ഒരു തരി മണൽ വാങ്ങാനാവാതെ വലയുന്നു.

മണൽ ദൗർലഭ്യത്തിന് പുതിയൊരു പരിഹാരം ഉണ്ടാക്കിയിരിക്കുകയാണ് കുളത്തൂപ്പുഴ പഞ്ചായത്ത്. ഇവിടെ പൊതുജനങ്ങൾക്ക് മണൽ ലഭ്യമാക്കുന്നതിനു വേണ്ടി "മണൽ കലവറ" എന്ന പേരിൽ ഒരു പദ്ധതി തുടങ്ങിയിരിക്കുന്നു. 4500/- രൂപയാണ് ഒരു ലോഡ് മണലിന് പഞ്ചായത്ത് ഈടാക്കുന്നത്. പുഴകളിലെ മണൽ ലഭ്യതയുള്ള സ്ഥലങ്ങളിൽ നിന്നും നിയന്ത്രിതമായ തോതിലും പാസ്സില്ലാതെ കടത്തുന്ന മണലും ശേഖരിച്ചാണ് മണൽ കലവറ മണൽ വിതരണം ചെയ്യുന്നത്. സംസ്ഥാനത്തുതന്നെ ഈ രീതിയിൽ മണൽലഭ്യമാക്കുന്ന സംരംഭമാണ് കുളത്തൂപ്പുഴ പഞ്ചായത്തിലെ മണൽക്കലവറ. സാധാരണക്കാരായ പൊതു ജനങ്ങൾക്ക് ന്യായവിലയിൽ മണൽ ലഭ്യമാക്കുന്നു എന്നതാണിതിന്റെ പ്രത്യേകത.

ജില്ല - കൊല്ലം
ബ്ലോക്ക് - അഞ്ചൽ
പഞ്ചായത്ത് - കുളത്തൂപ്പുഴ
പ്രസിഡന്റ് - ബി. രാജീവ്
Mob -9447334521

സിറിൾ